## സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളി. ഇടമറുക്

പാലക്കുഴ, കൂത്താട്ടുകുളം, വടകര, പാമ്പാക്കുട തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കിഴക്കൻഭാഗത്തേയ്ക്ക് കുടിയേറി ഇടമറുകിൽ സ്ഥിരതാമസമാക്കിയ സഭാ വിശ്വാസികൾക്കായി സ്ഥാപിതമായ ദേവാലയമാണിത്.

1936-ൽ വൈക്കോൽ മേഞ്ഞ ഒരു താല്ക്കാലിക ഷെഡ് മാത്രമായിരുന്ന ഈ ദേവാലയത്തിനാവശ്യമായ സ്ഥലം (2 ഏക്കർ) സംഭാവനയായി നൽകിയത് തോലാനിക്കുന്നേൽ ശ്രീ. ഓനിയായിരുന്നു. 1950-55 കാലത്താണ് ഈ ദേവാലയത്തിന് കരിങ്കൽ ഭിത്തിയും ഓടുമേച്ചിലും ഉണ്ടാകുന്നത്. പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ഇടവക മെത്രാപ്പോലീത്തയായിരുന്നപ്പോൾ സ്ഥാപിതമായ ഈ ദേവാലയത്തിലെ ആദ്യകാല വികാരിമാർ കൊള്ളിനാൽ ബഹു. ജോർജ്ജ് കത്തനാരും കുരിവേലിൽ ബഹു. ജോർജ്ജ് കത്തനാരുമായിരുന്നു.

1980 കളിൽ വികാരിയായിരുന്ന കുന്നുമ്മേൽ ഫാ. പൗലോസ് പൊന്തികോസ്ത് വിശ്വാസം സ്വീകരിച്ച് സഭ വിടാൻ തീരുമാനിച്ചതിനെ തുടർന്ന് 1990 ജൂൺ മാസത്തിൽ ഇടവക മെത്രാപ്പോലീത്ത അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം പൊതുയോഗം വിളിച്ചുചേർക്കുകയും ഇടവകാംഗങ്ങൾ സഭാ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തു. നെടുംകുഴിയിൽ റവ. ഫാ. എൻ. ഐ. പൗലോസ്, റവ. ഫാ. അബ്രാഹാം വാലയിൽ എന്നിവർ ഇടവക വികാരിമാരായി നിയമിക്കപ്പെടുകയും ചെയ്തു.

സഭയിലെ കക്ഷിവഴക്കും ഈ ദേവാലയത്തേയും ഏറെ ബാധിച്ചിരുന്നു. ആരാധനയില്ലാതെ അടഞ്ഞുകിടക്കുന്ന ഈ ദേവാലയത്തിലെ ഓർത്തഡോക്സ് വിശ്വാസികൾ ഇപ്പോൾ ഇടമറുക് സെന്റ്. ജോർജ്ജ് കാതോലിക്കേറ്റ് സെന്ററിലാണ് വി. കുർബ്ബാന അർപ്പിച്ചുവരുന്നത്.

വികാരി റവ. ഫാ. വർഗീസ് പി. വർഗീസ്